# ഇൻഫോ അറക്കുളം



## St. മേരീസ് എച്ച് എസ് എസ് അറക്കുളം

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

PRESENTS

# ഉള്ളടക്കം

1. എഡിറ്റോറിയൽ..........................................................page 3
2. ആശംസ......................................................................page 4
3. ഉണരുന്ന കേരളം........................................................page 5
4. നവ കേരള നിർമ്മിതിയിലേക്ക്...............................page 6
5. കവിത......................................................................page 7
6. നീലക്കുറിഞ്ഞി പൂക്കുമ്പോൾ.....................................page 8
7. ആനിമേഷന്റെ അനന്തസാധ്യതകൾ..........................page 9
8. ചെറുകഥ....................................................................page10
9. പ്രകൃതിഭംഗിയിലേയ്ക്ക് ഒരെത്തിനോട്ടം.....................page12
10. അനുസ്മരണം-ബഷീർ................................................page13
11. ചിരിയോ ചിരി..........................................................page 14
12. കവിത......................................................................page 15
13. മഹദ് വചനങ്ങൾ.......................................................page 17
14.കവിത........................................................................page 18
15. ഡിജിറ്റൽ ഇലക്ഷൻ..................................................page 20
16. ക്വിസ് കോർണ്ണർ.....................................................page 21
17. ലിറ്റിൽ കൈറ്റ്സ്.......................................................page 22
18. അദ്ധ്യാപനം ഒരു പുണ്യ കർമ്മം..............................page 24
19. കവിത.......................................................................page 24
20.ഇന്നലകളെ വിട.........................................................page 27
21. ലേഖനം.....................................................................page 28
22. കുസൃതികുരുക്ക്.......................................................page 29
23.ശാസ്ത്രലോകത്തേയ്ക്ക്...............................................page 32
24. പി.റ്റി.എ മീറ്റിങ്ങ്.......................................................page 34
25. നന്ദി..........................................................................page 35
26. Signing off...............................................................page 36

# എഡിറ്റോറിയൽ

കാലത്തിന്റെ മാറ്റത്തിന്റെ പ്രതിധ്വനിക്കൊപ്പം നമ്മുടെ വിദ്യാഭ്യാസമേഖലയിലും നൂതനമായ പല മാറ്റങ്ങളും വന്നിരിക്കുന്നു.വിജ്ഞാനം വിരൽത്തുമ്പിൽ എത്തിനില്ക്കുന്ന ഈ ശാസ്ത്രയുഗത്തിൽ ,ഇന്ന് കേരളത്തിലെ സ്കൂളുകൾ ഹൈടെക് ആയി മാറിക്കൊണ്ടിരിക്കുന്നു.ക്ലാസ്മുറിയുടെ നാലു ചുവരുകൾക്കപ്പുറമുള്ള വിവരസാങ്കേതികവിദ്യയുടെ വിജ്ഞാനലോകത്തേക്ക് സ്മാർട്ട് ക്ലാസുകൾ കുട്ടികളെ കൈപിടിച്ചുയർത്തുന്നു.

ഈ മഹാസംരംഭത്തിൽ പങ്കാളികളായിക്കൊണ്ട് ലിറ്റിൽ കൈറ്റ്സ് പദ്ധതിയിലൂടെ ഞങ്ങളും ഹൈടെക് യുഗത്തിൽ വിവരസാങ്കേതികവിദ്യയുടെ അനന്തസാദ്ധ്യതകളിലേക്ക് എത്തിനോക്കുന്നതിന്റെ ഒരു ബഹിർസ്ഫുരണമാണ് **"ഇൻഫോ അറക്കളം".**

# ആശംസ

അറക്കുളം സെന്റ്മേരിസ് സ്ക്രൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

## "ഇൻഫോ അറക്കുളം"


എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരണത്തിന് തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ കുട്ടികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുന്ന ലേഖനങ്ങൾ, കവിതകൾ, കഥകൾ, കാർട്ടൂണുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. വായന കുറഞ്ഞുവരുന്ന ഈ കാലഘട്ടത്തിലെ കൊച്ചു മിടുക്കർ തയ്യാറാക്കിയ ഈ മാഗസിൻ വായനയുടെ ലോകത്തേക്കുള്ള വഴികാട്ടിയാകട്ടെ. ഇനിയും ഇതുപോലെയുള്ള സംരംഭങ്ങളിലൂടെ എന്റെ മക്കൾ വളരണം. മുൻനിരയിലേക്ക് വരണം. നാടിനും, വീടിനും , വിദ്യാലയത്തിനും അഭിമാനമായി മാറണം. അതിനുള്ള ഒരു എളിയ ചുവടുവയ്പാകട്ടെ ഈ ഡിജിറ്റൽ മാസിക.

എന്റെ പ്രിയപ്പെട്ട കുട്ടികൾക്ക് എല്ലാ മംഗളങ്ങളും വിജയവും നേരുന്നു !

എന്ന് ,

Sr.Mollykutty Francis
Headmistress
ST. MARY'S H.S.S Arakulam.

# ഉണരുന്ന കേരളം






ലേഖനം

# നവകേരള നിർമ്മിതിയിലേയ്ക്ക് ഒരുചുവട്

**-അനുമോൾ സിറിയക്**

തുഞ്ചനും കുഞ്ചനും ശങ്കരാചാര്യരും ജനിച്ചു വളർന്ന നാട്.കേളികൾ നിറഞ്ഞ കേരവൃക്ഷങ്ങൾ നിറഞ്ഞ നാട്-കേരളം.പച്ചപട്ടുടുത്ത പാടങ്ങളും തെളിനീരൊഴുകുന്ന പുഴകളും നിറഞ്ഞ നമ്മുടെ നാട്."ദൈവത്തിന്റെ സ്വന്തം നാട് "എന്നറിയപ്പെടുന്ന നമ്മുടെ കൊച്ചുകേരളം.

ഏതൊരു കേരളീയന്റെയും സ്വപ്നമാണ് നവകേരളം.ഈ പുതുവർഷത്തിൽ പുതുചിന്തകളുമായി പുതുസ്വപ്നങ്ങളുമായി കേരളം മുന്നിട്ടിറങ്ങുന്നു.പ്രകൃതികൊണ്ട് ഏറ്റവും 'അനുഗ്രഹീതം' എന്ന് നമ്മൾ അഹങ്കരിച്ചിരുന്ന നമ്മുടെ നാടിനെ പ്രകൃതി തന്നെ വേട്ടയാടിയ ദിനങ്ങളായിരുന്നു പ്രളയകാലങ്ങൾ.കേരളത്തെ ബാധിച്ച കൊടിയ പ്രളയത്തിൽ മലയാളികൾ എല്ലാവരും ജാതിമതഭേദമെന്യേ സഹായഹസ്തങ്ങൾ നീട്ടിക്കൊടുത്തു.പല രാജ്യങ്ങളും ആളും അർത്ഥവും നല്കി നമ്മെ സഹായിച്ചു.ഒട്ടേറെ ജനങ്ങളുടെ വീടും സ്ഥലങ്ങളും പ്രളയജലത്തിൽ ഒലിച്ചുപോയപ്പോൾ കേരളീയർതന്നെ തങ്ങളുടെ വസ്തുവകകളിൽനിന്ന് ഒരുഭാഗം ദുരിതബാധിതർക്ക് നല്കിക്കൊണ്ട് 'മനുഷ്യത്വ'ത്തിന്റെ മഹനീയമാതൃക നല്കി.പ്രളയക്കെടുതിയിൽ നൊമ്പരപ്പെട്ടിരുന്നവർക്ക് ഇത് ആശ്വാസത്തിന്റെ കുളിർത്തെന്നലായി.കേരളജനതയ്ക്ക് കൈത്താങ്ങായി മാറിയ മത്സ്യത്തൊഴിലാളികൾ ഇന്ന് എല്ലായിടത്തും അറിയപ്പെടുന്നത് "കേരളത്തിന്റെ സൈന്യം" എന്നാണ്.

നവകേരളമിഷൻ പ്രവർത്തനത്തിന്റെ ഭാഗമായി നാലു മിഷനുകൾ സർക്കാർ അവതരിപ്പിച്ചു. "ഹരിതകേരളം, ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം" എന്നിവയാണവ. പ്രകൃതിഭംഗി ഓളം വെട്ടുന്ന പുണ്യഭൂമി, സഞ്ചാരികളുടെ പറുദീസ, ദൈവത്തിന്റെ സ്വന്തം നാട് എന്നീ വിശേഷണങ്ങളാൽ അലകൃതമായ കേരളനാട്. പ്രകൃതിഭംഗിയും ഐശ്വര്യ സമൃദ്ധിയും

ഒത്തുചേർന്ന് ആഹ്ലാദം പങ്കിടുന്ന നാട്. ഈ സങ്കൽപ്പത്തിലേക്ക് തിരിച്ചുവരാൻ വിവിധ നവകേരള പദ്ധതികളും മിഷനുകളും നമുക്ക് വഴിയൊരുക്കുന്നു. കാലവർഷത്തിന്റെ കലാമേളയിൽ, കരയിലും പുഴയിലും കലക്കവെള്ളപ്പൊക്കമാണ്. ആ സമയത്തും 'മനുഷ്യനന്മയുടെ ശുദ്ധജലം കവിഞ്ഞൊഴുകുന്നഹൃദയമുള്ളവരുണ്ട്'നമ്മുക്കിടയിൽ എന്നത്പ്രത്യാശഭരിതമാണ്.

***കവിത***

# *മടങ്ങട്ടെ നിന്നിൽ വിഹരിഷാൻ*

- മരിയജിമ്മി


ഇരുളിൻ മറനീക്കി അരുണനാഗമിച്ച
ഇഹത്തേ വാസം സുഖസമ്പൃഷ്ടമല്ല താനും
പ്രഥമദൃഷ്ട്യാ ദുഃഖ വിഷയമായ് പ്രകൃതിയും
പ്രാസംഗികർക്കിന്നു വിഷയമായ് മാറിട്ടും.

പ്രളയവും പിന്നെ പിളർന്നൊരാ ഭൂമിയും
പ്രാസമൊപ്പിച്ചൊരു പദ്യമായ് മാറിട്ടും
പ്രഭാതത്തിലന്നൊരാ മുന്തിയ പുഴ കണ്ടു
പ്രാണനാം പുഴയൊപ്പം ബാല്യവുമോർത്തു.


ഇന്നതിൻ മേനി മൂടി കറുത്തിരുണ്ടു
ഇല്ലത്തെ നമ്പൂതിരിമാരും വരണതില്ല
ചെന്താമര തന്നു പുഴയെൻ കൈവെള്ളയിൽ
ചാകര മറന്നു ചേതനയറ്റ ചോദ്യവുമുയർത്തി.

മണ്ണിന്റെ മാനവരാഗങ്ങളില്ലിന്നു
വിണ്ണിൻ വിഷമയ വിഷാദമായ് പുകമറ
കൊതിച്ച മണ്ണതിൻ മാറിലൊരു വിത്തും
പതിച്ചതിൽ ഇരുമ്പുദണ്ഡിൻ ക്രൂരയഗ്രം.

# നീലക്കുറിഞ്ഞി പൂക്കുമ്പോൾ........



# ആനിമേഷന്റെ അനന്ത സാധ്യതകൾ




please open this link-animation.dvd



## ***ചെറുകഥ***

# ***ബാല്യത്തിന്റെ മായാജാലകം തുറന്നപ്പോൾ***

***ഷെറിൻ മാത്യു ix B***

പ്രഭാതമായപ്പോൾ സൂര്യന്റെ നറുപുഞ്ചിരി കണ്ട് രാമു മിഴി തുറന്നു.അമ്മ എന്നതുപോലെ കാറ്റ് അവനെ തഴുകി. അച്ഛന്റെ സ്നേഹമായ് അപ്പോഴേയ്ക്കും സൂര്യന്റെ വെയിൽ മരച്ചില്ലകളുടെ ഇടയിൽനിന്ന് ഒളിച്ചുനോക്കി. " **അമ്മേ കാപ്പി** "എന്ന വിളി അവന്റെ മനസ്സിൽനിന്ന് ചുണ്ടുകളിലേക്ക് തെന്നിവീഴാൻ തുടങ്ങി. പെട്ടെന്ന് ഇന്നലെയെക്കുറിച്ച് അവൻ ഓർത്തുപോയി.

നൊന്തുപെറ്റ അമ്മയുടെ വിദൂരയാത്ര.... പതുക്കെ........പതുക്കെ അവന്റെ കുഞ്ഞു മനസ്സ് നീറുന്നത് അവൻ തിരിച്ചറിഞ്ഞു. അത് കണ്ണീരിന്റെ ഉപ്പുരസമുള്ള തുള്ളികളായ് പുറത്തേയ്ക്ക് ഒഴുകാൻ തുടങ്ങി. "**മടങ്ങിവരാത്ത യാത്രയാണ് രാമുവിന്റെ അമ്മയുടേത്** "എന്ന് ആരോ അടുത്തുനിന്ന് മന്ത്രിക്കുന്ന പോലെ.

രാമു വീടിന്റെ ഉമ്മറത്തേക്ക് ഇറങ്ങി. സൂര്യൻ ഏതോ ഒരു ദുഃഖത്തിൽ മുങ്ങിയപോലെ. അടുത്ത നിമിഷം.... ആരോ അവനെ പിറകിൽ നിന്ന് വിളിക്കുന്ന സ്വരം. "രാമു ".........തന്റെ അമ്മയുടെ മുഖം പെട്ടെന്ന് അവന്റെ മനസ്സിൽ മിന്നിമറഞ്ഞു. അമ്മയപടെ സ്നേഹവാത്സല്യത്തോടുകൂടിയ തഴുകൽ.

പെട്ടെന്ന് രാമുവിന് ഒരു ഫോൺകോൾ .ഹലോ... എന്നു വച്ചപ്പോൾതന്നെ അവനു തോന്നി, എവിടെയോ കേട്ട പരിചയമുള്ള സ്വരം. ഉടനെ ഒരു ചോദ്യം "എന്നെ

മനസിലായോ"? .............രാമുവിന് ഉത്തരം മുട്ടി. കൊടുങ്കാറ്റിന്റെ വേഗത്തിൽ ഉത്തരവും എത്തി.ഞാൻ "രമ്യ".രാമു എന്തു പറയണം എന്നറിയാതെ മൂകനായി നിന്നുപോയി. ...... തന്റെ ബാല്യകാലത്തെ കളിക്കൂട്ടുകാരി. "സുഖമാണോ"?.... എന്നു ചോദിക്കാനായി രാമു ഫോൺ അടുപ്പിച്ചുപിടിച്ചു. അപ്പോഴേയ്ക്ക് ഫോൺ കട്ടായിപ്പോയി.

പിന്നീട് രാമു വീണ്ടും വീണ്ടും ഒരുപാട് പ്രാവശ്യം ആ നമ്പറിലേയ്ക്ക്

വിളിച്ചു. “നമ്പർ ബിസ്സി”...... "തന്റെ സങ്കടം ആരോട് പറയും”?രാമുവിന്റെ മനസിൽ തന്റെ ജീവിതം എരിയുന്ന ഒരു തീജ്വാലയായ് തിളച്ചുമറിഞ്ഞു. രാമുവിന്റെ പിന്നിൽനിന്ന ആൽമരത്തിൽനിന്ന് വീണ്ടും ഒരു ശബ്ദം ഉയർന്നു.

“ രാമൂ........എന്താ ചിന്തിക്കുന്നത്"? അവൻ പകച്ചുപോയി. അമ്മ പലപ്പോഴും തന്നോട് ചോദിക്കാറുള്ള അതേ ചോദ്യം. പക്ഷേ...... തന്റെ അമ്മ തന്നെ വിട്ടിട്ട് പോയില്ലെ., പിന്നെ "ഇത് ആരായിരിക്കും "? പല പല നാദവിസ്മയങ്ങളിൽ നിന്ന് പല ചോദ്യങ്ങളും മനസിലൂടെ കടന്നുപോയി.അവസാനം ആ ആൽമരമാണ് തന്നോട് സംസാരിച്ചതെന്ന് അവനു മനസിലായി.

രാമു ആൽമരത്തിനോട് പറഞ്ഞു. “എനിക്ക് ആരുമില്ല.”അച്ഛനും ....അമ്മയും സഹോദരങ്ങളും ....ആരും ....ആരുമില്ല.ആൽമരം രാമുവിന്റെ ജീവിതകഥ കേൾക്കാൻ കാതോർത്തു.തന്റെ ജീവിതനൊമ്പരക്കെട്ട് രാമു മുത്തച്ഛനായ ആ ആൽമരത്തിനു മുന്നിൽ അഴിച്ചുവച്ചു.

ഇതെല്ലാം കേട്ടുകഴിഞ്ഞപ്പോൾ ആൽമരം തന്റെ ബാല്യകാലം രാമുവിന് വിവരിച്ചുകൊടുത്തു. “ **എത്ര സന്തോഷകരമായ ബാല്യമായിരുന്നു എന്റേത്. പൂക്കളും പറവകളും മരങ്ങളും എല്ലാം നിറഞ്ഞ ഒരു പ്രദേശത്താണ് ഞാൻ ജനിച്ചത്. സ്നേഹത്തിന്റെ വിളനിലം. പരസ്പരം സഹായിച്ചും സഹകരിച്ചും കഴിഞ്ഞ നല്ല നാളുകൾ. ഞങ്ങളുടെ ഉടമസ്ഥൻ സഹകരിച്ചും കഴിഞ്ഞ നല്ല നാളുകൾ പ്രായമേറെയായഒരുമുത്തശ്ശിയായിരുന്നു. .ഞങ്ങൾക്ക് ഒരു പോറൽ പോലും വരാതെ മുത്തശ്ശി ഞങ്ങളെ കാത്തു സൂക്ഷിക്കുമായിരുന്നു.”**

ത്യാഗത്തിന്റെ മാതൃകയായിരുന്നു ആ മുത്തശ്ശി. മുത്തശ്ശിയുടെ ഓരോ മുടിയിഴ പോലും ഞങ്ങളെ തഴുകുമായിരുന്നു. അങ്ങനെയിരിക്കെ,ഒരു ദിവസം ........ മുത്തശ്ശി കാൽ തെറ്റി വീണു.രക്തത്തിന്റെ മഹാസാഗരം തന്നെ അവിടെ ഒഴുകി.പെട്ടെന്ന് ഒരു കരം മുത്തശ്ശിയെ വാരിയെടുത്തു. വലിയ ആൽമരം മുത്തശ്ശിയെ അടുത്തുള്ള വീടിന്റെ മുമ്പിലേക്ക് വച്ചു.


തനിക്ക് ആവുന്നതുപോലെ ആ ആൽമരം ചെയ്തു. അപ്പോൾ എല്ലാ ആൽമരങ്ങളുംകൂടി ഇലകളിട്ട് വീശി കൊടുങ്കാറ്റിന്റേതുപോലുള്ളസ്വരമുണ്ടാക്കി.വീട്ടുകാർ

ഇറങ്ങി വന്നപ്പോൾ നിണത്തിൽ പൊതിഞ്ഞുകിടക്കുന്ന വൃദ്ധയെ കണ്ട്ആശുപത്രിയിൽ എത്തിച്ചു.ഞാൻ അന്നേവരെ ദുഃഖം എന്താണെന്ന് അറിഞ്ഞിട്ടില്ലായിരുന്നു.എന്നാൽ അന്ന് ......ഞാൻ ......ദുഃഖത്തിന്റെ താഴ്വരയിലേക്ക് കാൽ പതറി വീണുപോയി.

ആശുപത്രി ആവശ്യത്തിനായി മുത്തശ്ശിയുടെ മക്കൾ മരങ്ങൾ വെട്ടി ലോറിയിൽ കയറ്റി.മനോഹരമായ പൂക്കളെ അർദ്ധപ്രാണനാക്കിയിട്ട് അവർ പൊയ്ക്കളഞ്ഞു.അവരുടെകൂടെ വന്ന ഒരാൾ എന്നെയും പറിച്ചുകൊണ്ട് പോയി.എന്റെ വേരുകൾ നീറി പുകഞ്ഞുകൊണ്ടിരുന്നു.അയാൾ എന്നെ ഈ വീടിന്റെ മുറ്റത്തുനട്ടു.അന്നുമുതൽ ........ഞാൻ .......എന്റെ സഹോദരങ്ങളുടെ കാര്യമോർത്ത് ദുഃഖത്തിന്റെ പടുകുഴിയിലേക്ക് ചാഞ്ഞു.രാമുവിന്റെയും മുത്തച്ഛൻ ആൽമരത്തിന്റേയും കണ്ണുകളിൽനിന്ന് ഒരു ജലപ്രവാഹം തന്നെ ഉണ്ടായി.

അവരുടെ സങ്കടം കണ്ട് പ്രകൃതി പോലും മൂകയായി നിന്നുപോയി. നാളെ എന്താവും എന്നോർത്ത് വിഷമിച്ച തനിക്ക് " പേടിക്കേണ്ട എന്നുപറഞ്ഞ് "ആൽമരം ആത്മവിശ്വാസം പകർന്നുതന്നു. വർഷങ്ങൾ വേഗം കടന്നുപോയി. രാമുവിനും ആൽമരത്തിനും പ്രായം ഏറെയായി.രാമുവിന്റെ ചെറുപ്പത്തിൽ അവന് കിട്ടിയ ആത്മവിശ്വാസത്തിന്റെ തിരിനാളം അവനിൽ പ്രകാശിച്ചുനിന്നു.അങ്ങനെ രാമുവിന്റെ ബാല്യവും ആൽമരത്തിന്റെ ബാല്യവുംഒന്നുചേർന്നു.ആ വെൺ മെഴുതിരി ഒന്നുകൂടി കൂടുതൽ ശോഭയോടെ ജ്വലിക്കുവാൻ തുടങ്ങി.....


## പ്രകൃതി ഭംഗിയിലേക്ക് ഒരെത്തിനോട്ടം



# അനുസ്മരണം

-ഊർമിള വിനോദ്

## വൈക്കം മുഹമ്മദ് ബഷീർ



മലയാള നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യസമര സേനാനിയും ആയിരുന്ന "ബേപ്പൂർ സുൽത്താൻ" എന്ന അപരനാമത്തിൽ അറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീർ 1908 ജനുവരി 21 ന് കോട്ടയം ജില്ലയിലെ വൈക്കം താലൂക്കിൽ ഉൾപ്പെട്ട തലയോല പ്പറമ്പിൽ ജനിച്ചു. പിതാവ് കായി അബ്ദുറഹ്മൻ .മാതാവ് കുഞ്ഞാത്തുമ്മ.

മലയാള സാഹിത്യത്തിൽ ഏറ്റവും അധികം വായിക്കപ്പെട്ട എഴുത്തുകാരിലൊരാളായിരുന്നു അദ്ദേഹം.കേരളത്തിലെത്തിയ ഗാന്ധിജിയെ കാണാൻ വീട്ടിൽ നിന്നും ഒളിച്ചോടിയതാണ് അദ്ദേഹത്തിന്റെ ജീവിതത്തിൽ വഴിത്തിരിവായത്.മുഹമ്മദ് ബഷീറിന്റെ ജീവിതം തന്നെയാണ് അദ്ദേഹത്തിന്റെ സാഹിത്യമെന്ന് പറയാം.ഇതുപോലെ സ്വതന്ത്രമായി ലോകസഞ്ചാരം നടത്തിയ എഴുത്തുകാർ മലയാള സാഹിത്യത്തിൽ വിരളമാണ്.

## പുരസ്കാരങ്ങൾ

കേന്ദ്ര സാഹിത്യ അക്കാദമി ഫെലോഷിപ്പ് 1970)
കേന്ദ്ര സാഹിത്യ അക്കാദമി ഫെലോഷിപ്പ് 1981)
പത്മ ശ്രീ (1982)
പ്രേം നസീർ അവാർഡ് (1992)
വള്ളത്തോൾ പുരസ്കാരം (1993)

## നോവൽ

പ്രേമലേഖനം (1943)
ബാല്യകാല സഖി (1944)
പാത്തുമ്മയുടെ ആട് (1959)
മതിലുകൾ (1965)
ന്റുപ്പുപ്പാക്കൊരാനുണ്ടാർന്ന് (1951)

## ചെറുകഥകൾ

ആനപ്പൂട (1975)
യാ ഇലാഹി (1997)
വിശപ്പ് (1954)

## മറ്റു കൃതികൾ

കഥാബീജം. എം .വിപോൾ

**മരണം** (1994)

## ചിരിയോ ചിരി

**ജിഫ്നനാസർ**

ടീച്ചർ : പശുക്കൾക്ക് മണി കെട്ടുന്നതെന്തിനാണ്

വിദ്യാർത്ഥി : പൂച്ചയ്ക്ക് ആരും മണി കെട്ടാത്തതുകൊണ്ട്.

ജഡ്ജ്: പ്രതിക്കൂട്ടിൽ നിൽക്കുന്ന കള്ളനോട്  എന്തിനാണ് നീ ഒരേ കടയിൽ  തന്നെ കയറി വീണ്ടും മോഷ്ടിച്ചത്. അതുകൊണ്ടല്ലേ പിടിക്കപ്പെട്ടത്.

കള്ളൻ :ഞാൻ മണ്ടനായതു കൊണ്ടൊന്നുമല്ല സാർ ആ കടയിൽ ഒരു ബോർഡ് ഉണ്ടായിരുന്നു."നന്ദി വീണ്ടും വരിക "എന്ന്.

ചോദ്യം : നമ്മൾ ഫോട്ടോ എടുക്കുമ്പോൾ പുഞ്ചിരിക്കാറാണ് പതിവ്.കരയാത്തതെന്താ?

ഉത്തരം : ഫോട്ടോ നനയുമെന്ന പേടി കൊണ്ടായിരിക്കും.

അദ്ധ്യാപകൻ : ഇംഗ്ലീഷുകാർ നമ്മളോട് ചെയ്ത ഏറ്റവും വലിയ ചതി എന്താണെന്ന് അറിയാമോ

വിദ്യാർത്ഥി : അവന്മാരുടെ ഭാഷ ഇവിടെ ഇട്ടിട്ടു പോയത്.

അച്ഛൻ: മോനേ,നിനക്ക് ഭാവിയിൽ ആരാവാനാണ് മോഹം?

മകൻ :ഒരു വലിയ ഡോക്ടർ.

അച്ഛൻ : അതിനുലള എന്തു കഴിവാണ് മോനേ വിനക്കുള്ളത്?

മകൻ :ഡോക്ടറുടെ കൈയക്ഷരം.

ചോദ്യം :ചരിത്രം രസകരമാകാൻ കാരണമെന്താ?

കുട്ടി :അതിൽ നിറയെ സിനിമ പോലെ അടിയും പിടിയും ഉണ്ട്.

രാഹുൽ :എന്തുകൊണ്ടാണ് അനേകം തരം ബ്ലഡ് ഗ്രൂപ്പുകൾ ഉള്ളത്?

മോഹൻ: കൊതുകുകൾക്ക് വിവിധ രുചികളിലുള്ള രക്തം കുടിക്കാൻ കിട്ടുമല്ലോ അതാവും.

ടീച്ചർ:  എല്ലാവരും ആനയെക്കുറിച്ചൊരു ഉപന്യാസം എഴുതുക.

കുറച്ച് കഴിഞ്ഞ്,

ടീച്ചർ :അപ്പുവും ചിക്കുവും എഴുതിയ ഉപന്യാസങ്ങൾ തമ്മിൽ ഒരു വ്യത്യാസവുമില്ലല്ലോ.

അപ്പു: എങ്ങനെ വ്യത്യാസം വരാനാ ? ഞങ്ങൾ രണ്ടുപേരും എഴുതിയത് ഒരേ ആനയെക്കുറിച്ച് തന്നെയാണ്.

അമ്മ: അപ്പൂപ്പനേം കൂട്ടി കിട്ടു വോളിബോൾ കളിക്കാൻ പോയി.

അച്ഛൻ: വളരെ നല്ല കാര്യം.വോളിബോൾ നല്ല വ്യായാമമാണെന്ന് ഞാനിന്നലെ പറഞ്ഞു അതാവണം.

അമ്മ: നേരം കുറെയായല്ലോ.ഇനി അവരെ വിളിക്കണ്ടേ?

അച്ഛൻ: "ക്ഷീണിച്ച് കാണും”.

(അപ്പൂപ്പൻ മുറിയിൽ നിന്നും വരുന്നു)

അമ്മ :അല്ല ,നിങ്ങൾ വോളിബോൾ കളിക്കാൻ പോയില്ലെ?

അപ്പൂപ്പൻ: ഇത്രയും നേരം ശരിക്കും കളിയായിരുന്നു.

**കിട്ടു: അതെ, ശരിയാ... 'ലാപ്ടോപ്പിൽ'.**

# <u>മഹദ് വചനങ്ങൾ</u>

-അനമോൾ സിറിയക്

1) ജീവിതം  കത്തിയെരിയാനുള്ള ഒരു മെഴുകുതിരിയാണ് -ഷേക്സ്പിയർ

2) മാതൃക ഉപദേശത്തേക്കാൾ ശ്രേഷ്ഠം-ലത്തിൻ പഴമൊഴി

3)ക്ഷമിക്കുമ്പോൾ ഞാൻ ശത്രുവിനെ സ്നേഹിക്കുന്നു- ലിങ്കൺ

4) സുഖപ്പെടുത്താൻ വേണ്ടി മുറിപ്പെടുത്തുന്നവനാണ് ദൈവം- വി.അഗസ്റ്റിൻ

5)പ്രഭാതത്തിന്റെ താക്കോലും പ്രദോഷത്തിന്റെ ഒടാമ്പലുമാണ് പ്രാർത്ഥന – ഗാന്ധിജി

6) ഹൃദയത്തിൽ നിന്നു വരുന്ന വചനം ഹൃദയത്തിൽ പ്രവേശിക്കും -ഫുള്ളർ

7) ജീവിതത്തെ സ്നേഹിക്കുന്നവർക്ക് സമയം വെറുതെ കളയാനില്ല -ഫ്രാങ്കിളിൻ

8)മറ്റുള്ളവരുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്നവാലാണ് മാന്യൻ -നൃമാൻ

9) സങ്കല്പമിലാത്ത മനുഷ്യൻ ചിറകുകളില്ലാത്ത പക്ഷിപോലെയാണ്-വിൻഹൈ

10) എളിമയുള്ളവന്റെ ജീവിതം തെളിമയുള്ളതായിരിക്കും -ഗാന്ധിജി

11)ദൈവവുമായി യോജിക്കുന്ന ഹൃദയത്തിൽ എന്നും വസന്തമാണ്-വിവിയാനി

12) ജീവിക്കുന്നെങ്കിൽ അത് ജ്വലിക്കുന്ന തീപ്പന്തം പോലെയാകണം -വ്യാസൻ

13)നല്ല ചിന്തകൾ ആരാധനയുടെ ഫലമാണ്-നബി

കവിത

# അമ്മ

-റുക്കിയ ബീവി

ആദ്യമായ് വിരിയുന്ന ചുണ്ടിൽ നിന്നതിരുന്ന
'അ' എന്ന ശബ്ദമാണമ്മ
ഞാനൊന്നു തേങ്ങുമ്പോൾ കണ്ണീർ
തുടയ്ക്കുന്ന സ്നേഹത്തിൻ തൂവലാണമ്മ.

ജീവിതയാത്രയിൽ താങ്ങായ് വിളങ്ങുന്ന
ഊന്നുവടിയാകുന്നുവെൻ അമ്മ
കണ്ണിൽനിന്നൊരിറ്റു കണ്ണീർ പൊടിയുമ്പോൾ
ഓടി ചാരെയണഞ്ഞിടും എന്നമ്മ.

ജീവന്റെ ജീവനായ് എന്നെയാമാറത്ത്
തലചായ്ച്ചുറക്കുന്ന അമ്മ
സ്നേഹത്തിൻ സ്പർശമായ് തഴുകി തലോടുന്ന
സ്നേഹക്കുളിർക്കാറ്റാണമ്മ.

ആദ്യാക്ഷരജ്ഞാനം പകർന്നുതന്ന
അറിവിന്റെ പുസ്തകം അന്ന
ഇരവിലും പകലിലും കൂടെയുള്ള
കരുതലും കാവലുമാണമ്മ.

സ്നേഹത്തിൻ മുത്തം നല്കിയെന്നെ നിത്യവും
തഴുകി ഉണർത്തുന്ന എന്നമ്മ
എൻ മുഖമൊന്നു വാടിയാൽ

ആ മാനസം നോവുന്നതു ഞാനറിയുന്നു.


എന്നുമെൻ മാതൃക അമ്മ
എന്നുമെൻ വെളിച്ചവും അമ്മ
എന്നുമെൻ സ്നേഹവും അമ്മ
എന്നുമെൻ മാർഗവും അമ്മ.

ആ ദീപമണയാതെ കാത്തിടേണം നമ്മൾ
ആ ദീപമെന്നും തെളിച്ചിടേണം
ആ മുഖം വാട്ടുവാൻ അനുവദിക്കില്ലെന്ന്
ഓരോ കുരുന്നും തീരുമാനിക്കണം.

ഞാനൊന്നു ചിരിക്കുമ്പോൾ എന്നമ്മതൻ മുഖം
ആയിരം സൂര്യൻ ഉദിച്ച പോലെ
രാത്രിയിൽ തെളിയുന്ന നക്ഷത്രം പോലെ
ചിരി തൂകി നില്ക്കും എന്നമ്മ.

അമ്മ എന്ന സ്വരം എന്റെ ചുണ്ടിൽ
ആ സ്നേഹത്തിൻ ശബ്ദം എൻ കാതിൽ
അമ്മയെൻ ശ്വാസവും അമ്മയെൻ ജീവനും
എന്നും എന്നും എന്നുമതങ്ങനെ.

# ഡിജിറ്റൽ ഇലക്ഷൻ
# 2018 - 2019




Please click the following link to view-ELECTION.mp4

# ക്വിസ്സ് കോർണ്ണർ

-സ്റ്റുവർട്ട് സണ്ണി

1)കംപ്യൂട്ടർ കണ്ടുപിടിച്ചതാര് ?

ചാൾസ് ബാബേജ്.

2)ഫേ്സ്സ് ബുക്കി െൻറഉപജ്ഞാതാവാര്?

മാർക്ക് സൂക്കർ ബർക്ക്

3)യൂട്യൂബ് ആരംഭിച്ച വർഷം?

2005

4)ട്വിറ്റർ ആരംഭിച്ച വർഷം ?

2006

5)കംപ്യൂട്ടറിന്റെ ഭാഷ ഏത് ?

ബൈനറി ലാംഗ്വജ്

6)1990-ൽ കണ്ടുപിടിച്ച ആദ്യത്തെ വെബ് ബ്രൗസർ ഏത് ?

നെക്സസ്

7)ആദ്യത്തെ കംപ്യൂട്ടർ വൈറസ് ഏത് ?

ക്രീപ്പർ വൈറസ്

8)1 നിബിൽ ____________ ബിറ്റ് ?

4 ബിറ്റ്

9)മൈക്രോസോഫ്റ്റിന്റെ ഹെഡ് ക്വർട്ടേഴ്സ് എവിടെയാണ് ?
വാഷിങ്ടൺ

10)gif ഏത് ഫയലിന്റെ എക്സ്റ്റൻപർ ഏതാണ് ?

ഇമേജ് ഫയൽ

11)കമ്പ്യൂട്ടറിന്റെ ഗാർഡ്ഡിസ്ക് ഏത് വർഷമാണ് കണ്ടുപിടിച്ചത് ?

1956

12)ഇ-മെയിൽ സ്വികരിക്കുവാൻ ഉപയോഗിക്കുന്ന പ്രോട്ടോക്കോൾ ഏത് ?

പി.ഒ.പി 3

13)ഏത് വർഷമാണ് @ചിനം ഇ മെയിൽ അഡ്രസ്സിനോട് ഉപയോഗിക്കാൻ തുടങ്ങിയത് ?

1972

14)കേരളത്തിൽ ജനസംഖ്യ കൂടുതലുള്ള ജില്ല ഏത് ?

മലപ്പുറം

15)കേരളത്തിന് ജനസംഖ്യ കുറവുള്ള ജില്ല ഏത് ?

വയനാട്

# ലിറ്റിൽ കൈറ്റ്സ്

***ഓസ്റ്റിൻ മൈക്കിൾ***

പരിവർത്തനത്തിന്റെ വിജയഭേരി മുഴക്കിക്കൊണ്ട് വിജ്ഞാനത്തിന്റെ ചക്രവാളങ്ങൾ വിശാലമാക്കി വിവരസാങ്കേതികവിദ്യ വിപ്ലവകരമായി മുന്നേറുകയാണ്.ആധുനികന്റെ ജീവിതമേഖലകളിൽ,ഈ അണ്ഡകടാഹം അവനിന്ന് ഒരു ഗ്രാമമായി മാറിയിരിക്കുന്നു.പ്രാപഞ്ചിക രഹസ്യങ്ങളുടെ മടിത്തട്ടിൽ മനസ്സും ഹൃദയവും ചായ്ച്ചുറങ്ങുന്ന ഈ തലമുറ അമ്പരപ്പിക്കുന്ന തരത്തിലുള്ള വിവരസാങ്കേതിക വിദ്യയുടെ വളർച്ചയിൽ അഭിമാനപുളകിതരാണ്.വിവരസാങ്കേതികവിദ്യ അനുനിമിഷം വളർന്നുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ സാങ്കേതികവിദ്യകളിൽ അറിവ് നേടേണ്ടത് അടിസ്ഥാന ആവശ്യമായി മാറിയിരിക്കുന്നു.


അറിവ് മറ്റൊരാളിൽ നിന്ന് പകർന്നുകിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം നിർമ്മിക്കേണ്ടതാണെന്നുള്ള തിരിച്ചറിവ് വിദ്യാഭ്യാസരംഗത്തെ വളരെയധികം സ്വാധീനിച്ചു കഴിഞ്ഞിരിക്കുന്നു.തത്ഫലമായി പാഠപുസ്തകത്തിൽ ചിട്ടപ്പെടുത്തിയ കേവലമായ അറിവുകളുടെ വിനിമയത്തിനപ്പുറമുള്ള കാര്യങ്ങൾ കുട്ടികളിലെത്തിക്കാൻ കേരള സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.ഇതിന്റെ ഭാഗമായി സ്കൂളുകളിൽ നടപ്പിലാക്കിയ പദ്ധതികളിൽ ഒന്നാണ് " **ലിറ്റിൽ കൈറ്റ്സ്** ".വിവരസാങ്കേതിക വിദ്യ സമർത്ഥമായും ഫലപ്രദമായും കൈകാര്യം ചെയ്യാനും വൈദഗ്ധ്യവും

അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കാനും ഇതിലൂടെ സാധിക്കുന്നു.

ലിറ്റിൽ കൈറ്റ്സിലെ അംഗങ്ങൾക്ക് പരിശീലന കാലയളവിൽ വൈവിധ്യമാർന്ന പരിശീലന പ്രവർത്തനങ്ങളിലൂടെ കടന്നുപോകാനും ഓരോ കുട്ടിയ്ക്കും തനിക്ക് യോജിച്ച മേഖലയോട് ആഭിമുഖ്യം ജനിക്കാനും സാധിക്കുന്നു.**ഗ്രാഫിക്സ്&ആനിമേഷൻ,സ്ക്രാച്ച് പ്രോഗ്രാമിംങ്,പൈത്തൺ പ്രോഗ്രാമിംങ്, മൊബൈൽ ആപ്പ്നിർമ്മാണം,റോബോട്ടിക്സ്,ഇലക്ട്രോണിക്സ്,ഹാർഡ്‌വെയർ** തുടങ്ങിയ മേഖലകളിൽ കൂടുതലായുള്ള അറിവ് ലഭിക്കുന്നതിന് ലിറ്റിൽ കൈറ്റ്സ് പദ്ധതി സഹായിക്കുന്നു.

വിദ്യാർത്ഥികളെ നൂതനസാങ്കേതിക വിദ്യയുടെ ലോകത്തേയ്ക്ക് കൈപിടിച്ചുയർത്തുന്ന രീതിയിലാണ് ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾ.ഒരു ലക്ഷത്തിൽപരം അംഗങ്ങളുള്ള ലിറ്റിൽ കൈറ്റ്സ് പദ്ധതിയിലൂടെ സാങ്കേതിക വിദ്യയിൽ പ്രാവീണ്യവും അഭിരുചിയുമുള്ള ഒരു തലമുറയായി രൂപപ്പെട്ടുവരാൻ നമുക്ക് സാധിക്കട്ടെ.

## അദ്ധ്യാപനം ഒരു പുണ്യകർമ്മം




**കവിത**

# എങ്ങുപോയ് നിൻ സൗന്ദര്യം ?

-ജിസ് മരിയ ജോസ്

കേരളമേ.......എങ്ങുപോയ് നിൻ

സൗന്ദര്യം.?

സുന്ദരമാം നിൻ സൗന്ദര്യം മനുഷ്യർ

എന്തു ചെയ്തു?

നീളെ കിടന്ന നിൻ വയലുകൾ

കാണുന്നില്ല ഞാൻ...

പണ്ട് നിന്റെ സൗന്ദര്യം  കണ്ടവർ

കോരിത്തരിച്ചുപോയ്....

എന്നാൽ, ഇന്ന് മാർബിളിനാൽ

തീർത്ത  സൗധങ്ങൾ നിൻ സൗന്ദര്യം

പാടേ നശിപ്പിച്ചു കളഞ്ഞു...

പഴങ്ങളും  പച്ചക്കറികളും

പുഴകളും ഇന്നില്ല....

ശ്യാമള സുന്ദരമാം നിൻ സൗന്ദര്യം

തിരിച്ചു കിട്ടാൻ ഞാൻ ആഗ്രഹിക്കുന്നു..

വാഹനങ്ങളുടെ പുക എന്റെ

കേരളത്തെ മലിനമാക്കുന്നു.....

ഫാക്ടറികൾ എന്റെ കേരളത്തെ

ശ്വാസം മുട്ടിക്കുന്നു...

എന്നാണെന്റെ  ദുഃഖത്തിന്

അറുതിവരുന്നത്?....

നിന്റെ ഈ അവസ്ഥ കണ്ട്

എന്നുള്ളം നീറുന്നു.

നീയാണെന്റെ ലോകം.

നിന്നിലാണെന്റെ ജീവൻ.

നീയില്ലെങ്കിൽ...ഇനി ആരുമില്ല....

അത്  നിന്റെ മക്കൾ മനസ്സിലാക്കുന്നുമില്ല...

നിന്റെ ഈ അവസ്ഥകാണുമ്പോൾ,

എൻ ഹൃദയം പൊടിയുന്നു....

നിന്റെ മഹത്വം വാഴ്ത്താൻ

കൊതിക്കുന്ന ഞാൻ

നിന്നോട് ഞാൻ ചെയ്ത

തെറ്റിന് ഒരായിരം മാപ്പ്.....

ജിവിതാന്ത്യം വരെ ഞാൻ

പ്രായശ്ചിത്തം ചെയ്ത്

കൊണ്ടേയിരിക്കും !!!

മിനിക്കഥ

# വേർപാട്

-അലാഡിൻ ജോസുകുട്ടി

വീടിന്റെ ഒർമ്മയിലാണ് നിരഞ്ജൻ ഇപ്പോഴും. ദുരിതാശ്വാസ ക്യാമ്പിലെ ബഹളങ്ങൾക്ക് നടുവിൽനിന്ന് അവിടുത്തെ പോലീസുകാരാണ് അവനെ അവിടെ എത്തിച്ചത് ആ അനാഥാലയത്തിന്റെ നാലുചുവരുകൾക്കിടയിലെ എകാന്തതയിൽ അവൻ തന്റെ വീടിന്റെ ഓർമ്മയിൽ മുഴുകി.എന്തു സന്തോഷത്തോടെയാണ് എല്ലവരും കിടന്നത് മണ്ണിടിച്ചിൽ ഭീഷണിയുണ്ടെന്ന് നേരത്തെ തന്നെ ടി.വി.യിൽ കണ്ടിരുന്നു. എങ്കിലും ഞങ്ങൾ പ്രാർത്ഥിച്ചു കിടന്നു. അമ്മയും അച്ഛനും അനിയത്തിയും വേറെ മുറിയിലാണ് കിടക്കുന്നത്. എല്ലാവരും ബഹളം. വീടിന് മുകളിലേക്ക് മലയിടിഞ്ഞ് വീണതാണ്. അവിടെ ഉണ്ടായിരുന്ന അഞ്ചു വീടുകളും പൂർണ്ണമായും അനിയത്തിയെയും അന്വേഷിച്ചു.ഡോക്ടർ വന്നു അവനോട് അവർ മരിച്ചുപോയി എന്നു പറഞ്ഞു. അവൻ ഞെട്ടിത്തരിപ്പിച്ചു. പെട്ടെന്ന് അവന്റെ ബോധം പോയി. വേറെ ബന്ധുക്കളാരുമായിട്ടും അധികം ബന്ധമില്ലതിരുന്ന അവനെ ആശുപത്രിയിൽ നിന്നു ദുരിതാശ്വാസ ക്യമ്പിലേക്ക് മാറ്റി വേറെ നിവൃത്തിയില്ലാതെ അവൻ അവിടെ നിന്നു. മുഖത്തു മഴത്തുള്ളികൾ വന്നു വീണപ്പോഴാണ് അവൻ ചിന്തയിൽ നിന്ന് ഉണർന്നത്. അച്ഛന്റെയും വേർപാടിൽ സങ്കടപ്പെട്ട് അവൻ വീണ്ടും ചിന്തയിൽ മുഴകി .........

# ഇന്നലെകളെ വിട

**മിനിക്കഥ** **ആദിത്യ വിനോദ്**

ഒരിക്കൽ ചിമ്മിനിക്കാട്ടിൽ കാട്ടുതീ പടർന്നു പിടിച്ച് അമ്മു കുരുവിയുടെ കൂട് കത്തിപോയി. എന്നാൽ

അമ്മു കുരുവി പ്രഭാതത്തിൽ വീണ്ടും ഉണർന്നു പാടാൻ തുടങ്ങി. കുരുവിയോട് അതുവഴി വന്നയാൾ ചോദിച്ചു : "ഇന്നലെയല്ലേ അമ്മു കുരുവി നിൻെറ കൂട് കത്തിപ്പോയത് “? പിന്നെ ...ഇന്ന് എങ്ങനെ നിനക്ക് പാട്ട് പാടാൻ കഴിയുന്നു? അപ്പോൾ അമ്മു കുരുവി പറഞ്ഞു: "പ്രഭാതത്തിൽ പാടുക എന്നത് എൻെറ കടമയാണ്”.

ഗുണപാഠം: ഇന്നലത്തെ നഷ്ടങ്ങൾ ഓർത്തല്ല , ഇന്നിൻെറ നന്മകളോർത്താണ് നമ്മൾ ദൈവത്തെ സ്തുതിക്കേണ്ടത്.

# മാധ്യമങ്ങളുടെ സ്വാധീനം കുട്ടികളിൽ

**-ജോസ്ന നിക്സൻ**

ജനഹിതം പ്രതിഫലിപ്പിക്കുന്ന കണ്ണാടിയാണ് മാധ്യമങ്ങൾ. ജനാധിപത്യത്തെ നിലനിർത്തുകയും ഊട്ടിവളർത്തുകയും ചെയ്യുന്ന കാവലാളായും കണ്ണിലെകൃഷ്ണമണി പോലെ സ്വാതന്ത്ര്യത്തെ പരിരക്ഷിക്കുന്ന പരിചയായും അഴിമതിക്കും സ്വജ്ജന പക്ഷപാതത്തിനുമെതിരെ ആഞ്ഞടിക്കുന്ന ചാട്ടുളിയായും മാധ്യമങ്ങൾ വർത്തിക്കുന്നു.

അമ്മയും കുഞ്ഞും തമ്മിലുള്ള പൊക്കിൾകൊടി ബന്ധം പോലെയാണ് ആധുനിക മനുഷ്യനും മാധ്യമങ്ങളുമായുള്ള ബന്ധം. പൊതു ജനാധിപത്യത്തെ നിലനിർത്തുകയും സത്യത്തെതുറന്നു കാട്ടുകയും ചെയുന്ന മാധ്യമങ്ങൾ .പണ്ട് പുസ്തകങ്ങൾക്കു

പുറമെയുള്ള അറിവ് കുറവായിരുന്നു .എന്നാൽ ഇന്ന് മാധ്യമങ്ങളുടെ കടന്നുവരവോടെ ലോകം വിരൽ തുമ്പുകൊണ്ട് എത്തിപിടിക്കാവുന്നത്ര അടുത്തായിരിക്കുന്നു. പഠന രംഗത്തും പാഠ്യേതാരരഗത്തും മാമങ്ങൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ് മാദ്യമങ്ങൾ എല്ലായിടത്തു മുണ്ട് അവ നമ്മുടെ ജീവിതത്തിന്റെ ഒരു ഭാഗമായി മാറിയിരിക്കുന്നു.

മാധ്യമങ്ങളുടെ കടന്നു വരവിൽ ലോകത്തിന്റെ പുരോഗതി വളരെ വലുതാണ്. ഇന്റർനെറ്റ് , മൊബൈൽ , ഫേയ്സ് ബുക്ക് , വാട്ട്സ്ആപ്പ് എന്നിങ്ങനെ നവമാധ്യമങ്ങളും ടെലിവിഷൻ, പത്രം, കമ്പ്യൂട്ടർ എന്നീ ആധുനിക മാധ്യമങ്ങളും കുട്ടികളുടെ പഠനത്തെ കൂടുതൽ കരുത്തുറ്റതാക്കുന്നു. കൂട്ടുകാരുമായുള്ള ബന്ധം നിലനിർത്താനും ലോകത്തെ കൂടുതലായി പരിചയപ്പെടാനും അറിയാനും സഹായകമാകുന്നു.

ഒരു നാണയത്തിന്റെ ഇരുവശങ്ങൾ പോലെയാണ് മാധ്യമങ്ങൾ.അതിന്റെ കടന്നുവരവ് സിനിമ, സീരിയൽ ,കാർട്ടൂൺ എന്നിവ കുട്ടികളെ കൂടുതലായി സ്വാധീനിക്കുന്നതിന് കാരണമായി. ഇതിന്റെ വിവേകരഹിതമായ ഉപയോഗം പലപ്പോഴും അവരുടെ സംസ്കാരവും സംസാരവും ചിന്തകളും ദൈവം വരദാനമായി നൽകിയ കഴിവുകളും നശിക്കുന്നതിന് ഇടയാക്കുന്നു. ഒരു ദിവസമുണ്ടങ്കിൽ അതിന്റെ 3\4 ഭാഗവും കുട്ടികൾ മാധ്യമങ്ങളുടെ വലയത്തിലാണ്. മാധ്യമങ്ങളെ നമ്മുടെ നന്മയ്ക്കായി വേണം ഉപയോഗിക്കാൻ. മാറ്റി നിർത്തുകയല്ല മറിച്ച് അവയെ വേണ്ടരീതിയിൽ വിവേകപൂർവ്വം വിനയോഗിക്കാൻ കഴിയണം .നാടിന്റെ നന്മയ്ക്കായി മാധ്യമങ്ങളെ വിനയോഗിക്കാൻ ഇന്നത്തെ തലമുറയ്ക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

# ഞാനാര്

-ആകാശ് സജി

1.1.എനിക്ക് കുടുക്കുണ്ട്

പക്ഷേ ഞാനാരെയും കുടുക്കില്ല

എനിക്ക് പോക്കറ്റുണ്ട്,പക്ഷേ

ഞാനാരെയും പോക്കറ്റടിക്കില്ല.

കയ്യുണ്ട് കാലില്ല,ഞാനാര്?

ആകാശത്ത് തിളങ്ങും

തൊട്ടാൽ പൊള്ളും അടുത്താൽ കരിയും

പകൽ നേരെ നോക്കാനാവില്ല

രാത്രിയിലോ കാണാൻ കിട്ടില്ല.

വെള്ളത്തിലാണ് താമസം

കരയിൽ ചിലപ്പോൾ വിശ്രമം

എന്നെ തുളച്ചാൽ

നിങ്ങൾ മൂങ്ങും തീർച്ച.

ഞാനൊരു തണൽവീട്
മഴ പെയ്യിക്കും പച്ചപ്പ്
പൂവുണ്ട്,കായുണ്ട് എന്നിൽ
ചേക്കേറാൻ കിളികളുണ്ട്.

മൂക്കാണെന്റെ കൗതുകം
പല്ലാണെന്റെ കൊമ്പ്
കറുപ്പാണെന്റെ നിറം
പനമ്പട്ട തിന്നും ഞാനാര്

രോമക്കുപ്പായം ഉണ്ടെനിക്ക്
കമ്പിളിപോലുള്ള രോമം
തണുപ്പിൽ നിന്നും രക്ഷിക്കുന്നു.
കാട്ടിലുമുണ്ട് നാട്ടിലുമുണ്ട്

സർക്കസ്സിലുണ്ട് ഞാനാര്?

നീലക്കടലാണെൻെറ വീട്

നീന്തിത്തുടിക്കും ദിവസം മുഴവൻ

മൂർച്ചയുളള പല്ലുണ്ട് മുതുകിൽ

ചിറകുപോൽ ചുന്നണ്ട്

വേട്ടയാട്ടം മത്സ്യം ഞാനാര്?

കുകിപ്പായും ഞാനൊരു വണ്ടി

ആളെക്കയറ്റും ട്രക്കിൽ കിടക്കും

മുന്നോട്ടോട്ടും പിന്നോട്ടും

പറയൂ പറയൂ എൻ പേര്?

## ഉത്തരങ്ങൾ

**1) ഷർട്ട് 2) സൂര്യൻ 3) വള്ളം 4) മരം 5) ആന**

**6) കരടി 7) സ്രാവ് 8) തീവണ്ടി**

# ശാസ്ത്ര ലോകത്തേക്ക്

മരിയ ബിജു

**പയനീയർ**

സൗരയൂഥത്തിലെ വിവിധ ഗ്രഹങ്ങളെ ലക്ഷ്യമിട്ടു വിക്ഷേപിക്കപ്പെട്ട അമേരിക്കയുടെ ബഹിരാകാശ വാഹനങ്ങളാണ് പയനീയർ (pioneer).വ്യാഴഗ്രഹത്തിനടുത്തുകൂടെ സഞ്ചരിച്ച് അതിൻെ വർണ്ണചിത്രങ്ങൾ ആദ്യമായ് എടുത്ത ബഹിരാകാശവാഹനം പയനീയർ -10 ആണ്. 1972-ൽ ആയിരുന്നു പ്രസ്തുത സംഭവം.

**ആസ്ട്രോസാറ്റ് :**

**ഗാലക്സികളിലേക്ക് ഇന്ത്യയുടെ കണ്ണ്**

ഇന്ത്യയുടെ ആദ്യ ബഹിരാകാശ ടെലിസ്കോപ്പാണ് ആസ്ട്രോസാറ്റ്. 2015 സെപ്തംബർ 28-ന് രാവിലെ പത്തുമണിക്ക് ശ്രീ ഹരിക്കോട്ടയിലെ സതീശ് ധവാൻ ബഹിരാകാശകേന്ദ്രത്തിൽ നിന്നായിരുന്നു വിജയകരമായ വിക്ഷേപണം. പി.എസ്.എൽ.വി.സി -30 ആണ് ഏഴ് ഉപഗ്രഹങ്ങൾക്കൊപ്പം ആസ്ട്രോസാറ്റ് ഭ്രമണപഥത്തിൽ എത്തിച്ചത്.

ഇതോടെ അമേരിക്ക,റഷ്യ ,യൂറോപ്യൻ യൂണിയൻ ,ജപ്പാൻ എന്നിവയ്ക്കൊപ്പം സ്വന്തമായി ബഹിരാകാശ ടെലിസ്കോകോപ്പ് വിക്ഷേപിച്ച ശക്തിയായി ഇന്ത്യ മാറി.അൾട്രാവയലറ്റ്,ഒപ്റ്റിക്കൽ,എക്സ്-റേ,തരംഗരാജിയിലുള്ള വികിരണങ്ങൾ ഉപയോഗിച്ച് പ്രപഞ്ചനിരീക്ഷണം നടത്താൻ ശേഷിയുള്ള ബഹിരാകാശ ടെലിസ്കോപ്പാണ് ആസ്ട്രോസാറ്റ്. 1513 കിലോഗ്രാം ഭാരമുള്ള ആസ്ട്രോസാറ്റിന് അഞ്ചുവർഷമാണ് പ്രവർത്തന കാലാവധിയായി നിശ്ചയിച്ചിരിക്കുന്നത്. വിദൂരഗാലക്സികൾ മുതൽ തമോഗർത്തങ്ങൾ വരെ നിരീക്ഷിക്കാൻ ഈ ടെലിസ്കോപ്പിനാകും. ഭൂമധ്യരേഖാ പ്രദേശത്ത് ഭൂമിയിൽ നിന്ന് 650 കിലോമീറ്റർ അകലെ ഉള്ള ഭ്രമണ പഥത്തിലായിരിക്കും സഞ്ചാരം.അഞ്ചു വർഷം പ്രപഞ്ച നിരീക്ഷണം നടത്തും.

ഉപഗ്രഹങ്ങൾ

* ഐ.ആർ.എൻ.എസ്.എസ്.- 1 ഡി

***അഞ്ച് ഉപഗ്രഹങ്ങളുമായി പി.എസ്.എൽ.വി. –സി 28**

*ജിസാറ്റ്-15,*ജിസാറ്റ് - 6




please open the link[PTA.mp4]



# നന്ദിയുടെ  ഒരു വാക്ക്

അനന്തമായ ഡിജിറ്റൽ

സാഗരത്തിൽ കൊച്ചുവഞ്ചിയും തുഴഞ്ഞുള്ള ഞങ്ങളുടെ യാത്ര തീരമണയുകയാണ്. നക്ഷത്രമായി വഴി കാട്ടിയോർക്കും ഒരുതരിവെട്ടമെങ്കിലും പകർന്ന് ഇരുട്ടിനെ അകറ്റിയോർക്കും നന്ദി.അറക്കുളം ഗ്രാമത്തിന്റെ  ആകാശത്തിലൂടെ ഞങ്ങളെ കുഞ്ഞിപ്പട്ടമായി നൂൽപൊട്ടാതെ  പറത്തിക്കൊണ്ടിരിക്കുന്ന പ്രിയ കൈററ് മിസ്ട്രസ് റോസിലിൻ സിസ്റ്റർക്കും കൈററ് മാസ്ററർ ജോബി സാറിനും നന്ദി.ഞങ്ങളുടെ വഞ്ചിയുടെ അമരക്കാരി സിസ്റ്റർ ബിൻസിക്കും ഒരായിരംനന്ദി.ഞങ്ങളെ ചെറുപട്ടങ്ങളാക്കി തീർത്തുകൊണ്ടിരിക്കുന്ന  എബിസാറിനും രാജേഷ് സാറിനും നന്ദി...... ഇനിയുമൊരു യാത്രയിൽ വീണ്ടുമൊരുമിക്കാം എന്ന പ്രത്യാശയിൽ ................

നന്ദി.............നന്ദി...........നന്ദി.......


little KITEs
ഇൻഫോ അറക്കളം
KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS
KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS

signing off.................................